**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** | **04-03-2025 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങളുടെയും അനുബന്ധ മേഖലകളുടെയും വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തുറമുഖങ്ങളുടെയും അനുബന്ധ മേഖലകളുടെയും വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ചരക്കുനീക്കം സുഗമമാക്കുന്നതിന് സഹായകമായിട്ടുണ്ടോ; അറിയിക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് മാരിടൈം ബോർഡിന് കീഴിലുള്ള നാല് നോൺ മേജർ തുറമുഖങ്ങളും ചരക്ക് ഗതാഗതത്തിന് സജ്ജമാണ്. കടൽ വഴിയുള്ള ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് ഈ മേഖലയിലെ ഓപ്പറേറ്റേർസ് മായും ആവശ്യമായ ചരക്ക് ഉറപ്പാക്കാൻ വാണിജ്യ സംഘടനകളുമായും വ്യക്തികളുമായും നിരന്തര ചർച്ചകൾ നടത്തി വരുന്നു.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സ്ഥാപിക്കുക വഴി രാജ്യത്തിന്റെ ട്രാൻഷിപ്പ്മെന്റ് ചരക്ക് കൈകാര്യം ചെയ്യുന്നതിന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വഴി സാധ്യമായിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം 2024 ഡിസംബർ മാസം 3-ാം തീയതി മുതൽ അതിന്റെ വാണിജ്യാടിസ്ഥനത്തിലുള്ള (ഒന്നാം ഘട്ടം) പ്രവർത്തന ങ്ങൾ ആരംഭിച്ചു. |
| (ബി) | വിവിധ തുറമുഖങ്ങളിലേക്കുള്ള ലോജിസ്റ്റിക് കണക്റ്റിവിറ്റി ഉറപ്പുവരുത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. വിഴിഞ്ഞം തുറമുഖത്തെ ഗേറ്റ് വേ **(EXIM)** ചരക്ക് നീക്കം സുഗമമായി നടക്കുന്നതിന് റോഡ്-റെയിൽ കണക്ടിവിറ്റി പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. പോർട്ടിൽ നിന്നും NH66 മായി ബന്ധിപ്പിക്കുന്ന 1.7km പോർട്ട് റോഡിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പോർട്ട് റോഡ് NH66 മായിട്ടുള്ള ഇന്റർസെക്ഷൻ സ്കീം NHAI യുടെ അന്തിമ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിന് തത്വത്തിലുള്ള അംഗീകാരം NHAI യിൽ നിന്നും ലഭിച്ചിട്ടുണ്ട്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവെയുടെ ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന **10.7 km** നീളമുള്ള റെയിൽപാത, ഇവയ്ക്കിടയിലെ ഭൂമിയുടെ ടോപോഗ്രഫിയുടെ പ്രത്യേകത മൂലം **9.0 km** തുരങ്കപാതയായാണ് |

| | | | |
|---|---|---|---|
| | | | വിഭാവനം ചെയ്തിട്ടുള്ളത്. കൊങ്കൺ റെയിൽ കോർപ്പറേഷൻ മുഖേന ടി പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി ബാലരാമപുരം, വിഴിഞ്ഞം പ്രദേശങ്ങളിൽ ആവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | കേന്ദ്രസർക്കാരിന്റെ 2024-ലെ ലീഡ്സ് (ലോജിസ്റ്റിക്സ് ഈസ് എക്രോസ് ഡിഫറന്റ് സ്റ്റേറ്റ്സ്) റിപ്പോർട്ട് പ്രകാരം തീരദേശ സംസ്ഥാനങ്ങളുടെ പട്ടികയിൽ നിന്നും കേരളത്തിന് മികച്ച നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ; ഈ നേട്ടത്തിനാധാരമായി തുറമുഖ മേഖലയിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (സി) | തീരദേശ കാർഗോ ഗതാഗതം നോൺ മേജർ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് നിലവിൽ നടക്കാത്തതിനാൽ കേരളത്തിന് ഉദ്ദേശിക്കുന്ന രീതിയിലുള്ള നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ